2478
4/3/15

# കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ്- കാസർഗോഡ് ജില്ലയിലെ എഡോസൾഫാൻ ദുരിതബാധിത കുടുംബങ്ങളിലെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ധനസഹായം അനുവദിച്ച് ഉത്തരവാകുന്നു.

---

സാമൂഹ്യനീതി (സി) വകുപ്പ്

സ.ഉ (സാധാ)നം.101/2015/സാനീവ                    തീയതി, തിരുവനന്തപുരം, 20.02.2015

---

പരാമർശം:- 1. സ.ഉ(എം.എസ്)നം.31/2011 സാക്ഷേവ തീയതി 21.5.2011
2. കേരള സാമൂഹ്യ സുരക്ഷാമിഷന്റെ എക്സി. ഡയറക്ടറുടെ 3.1.2014, 16.5.2014 എന്നീ തീയതികളിലെ 834/പി2/2013/കെ.എസ്.എസ്.എം.(2) നമ്പർ കത്തുകൾ.

## ഉത്തരവ്

കാസർഗോഡ് ജില്ലയിലെ എഡോസൾഫാൻ ദുരിതബാധിത കുടുംബങ്ങളിലെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ധനസഹായം പരാമർശം (1)-ലെ ഉത്തരവ് പ്രകാരം അനുവദിച്ചുവരുന്നു. കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിത കുടുംബങ്ങളിലെ ചില കുട്ടികൾക്ക് അവരുടെ വൈകല്യം കാരണം സാധാരണ സ്കൂളുകളിൽ പഠിക്കുവാൻ സാധിക്കാതെ ബഡ്സ് സ്കൂളുകളിലാണ് വിദ്യാഭ്യാസം നടത്തിവരുന്നതെന്നും ഈ സാഹചര്യം കണക്കിലെടുത്ത് എൻഡോസൾഫാൻ ദുരിതബാധിത കുടുബങ്ങളിലെ ബഡ്സ് സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്ക് 2000/- രൂപ വീതം വിദ്യാഭ്യാസ ധനസഹായമായി അനുവദിക്കണമെന്നും അതോടൊപ്പം 2011-12, 2012-13, 2013-14 അദ്ധ്യയനവർഷങ്ങളിൽ ബഡ്സ് സ്കൂളുകളിൽ പഠിക്കുന്ന യഥാക്രമം 149, 172, 189 കുട്ടികൾക്ക് 2000/- രൂപ വീതം അനുവദിച്ച കേരള സാമൂഹ്യ സുരക്ഷാമിഷന്റെ നടപടിയ്ക്ക് സാധൂകരണം നൽകമെന്നും, ദുരിത ബാധിത കുടുംബങ്ങളിലെ കുട്ടികൾക്കുള്ള ഒറ്റത്തവണ വിദ്യാഭ്യാസ ധനസഹായം 2014-15 വർഷങ്ങളിലും അനുവദിയ്ക്കുന്നതിന് അനുമതി നൽകണമെന്നും പരാമർശത്തിലെ കത്തുകൾ പ്രകാരം കേരള സാമൂഹ്യ സുരക്ഷാമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

(2) സർക്കാർ ഇക്കാര്യം പരിശോധിക്കുകയുണ്ടായി. കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിത കുടുംബങ്ങളിലെ ബഡ്സ് സ്കൂളിൽ പഠിക്കുന്ന കുട്ടികൾക്ക് നിലവിൽ മിനിമം നിരക്കിലുള്ള 2000/- രൂപ വിദ്യാഭ്യാസ ധനസഹായമായി അനുവദിച്ചു കൊണ്ടും, അതോടൊപ്പം 2011-12, 2012-13, 2013-14 അദ്ധ്യയന വർഷങ്ങളിൽ ബഡ്സ് സ്കൂളിൽ പഠിച്ചിരുന്ന കുട്ടികൾക്ക് 2000/- രൂപവീതം അനുവദിച്ച കേരള സാമൂഹ്യ സുരക്ഷാമിഷന്റെ നടപടിയ്ക്ക് സാധൂകരണം നൽകിയും, 2014-15 അദ്ധ്യയനവർഷം ബഡ്സ് സ്കൂളുകളിലെ കുട്ടികൾക്ക് 2000/- രൂപ വിദ്യാഭ്യാസ ധനസഹായം അനുവദിച്ചുകൊണ്ടും, കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിത കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് മുൻ വർഷത്തിൽ അനുവദിച്ച അതേ നിരക്കിലുള്ള വിദ്യാഭ്യാസ ധനസഹായം 2014-15 അദ്ധ്യയന വർഷത്തിലും കേരള സാമൂഹ്യ സുരക്ഷാമിഷൻ മുഖേന നൽകുന്നതിന് അനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)
**കെ.എം.ലീലാമണി**
അഡീഷണൽ സെക്രട്ടറി

എക്സി. ഡയറക്ടർ, കേരള സാമൂഹ്യ സുരക്ഷാമിഷൻ
ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം
ജില്ലാ കളക്ടർ, കാസർഗോഡ്
ധനകാര്യ വകുപ്പ് (UO(F )7084/WW3/14/ധന പ്രകാരം)
വെബ്& ന്യൂ മീഡിയ വിഭാഗം(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
G.O.(MS)31/2011/SWD
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ